# വിശ്വകലാ സംഗമം: കലാകാരന്മാർ ദേശാഭിമാനി സന്ദർശിച്ചു

കൊച്ചി: ഇടപ്പള്ളിയിൽ നടക്കുന്ന വിശ്വകലാസംഗമത്തിൽ പങ്കെടുക്കുന്ന കലാകാരന്മാർ കൊച്ചി ദേശാഭിമാനി സന്ദർശിച്ചു. ജപ്പാനിൽനിന്നുള്ള ശിൽപി റെയ്ക്കോ നീരക്കി, ഫോട്ടോഗ്രാഫർ മക്കാട്ടോ തത് സുമോട്ടോ, കൊറിയയിൽനിന്നുള്ള ശിൽപികളായ ഗുബോൺ ജു, സങ് ഡോങ് ഹൂൻ, കാനഡയിൽനിന്നുള്ള ഫോട്ടോഗ്രാഫർ പോൾ ലീതർലാൻഡ്, ഭാര്യയും വീഡിയോഗ്രാഫറുമായ കരേൺ ട്രാസ്ക് എന്നീ വിദേശ കലാകാരന്മാരും പശ്ചിമബംഗാൾ, മുംബൈ, അഹമ്മദാബാദ്, ബംഗ്ലൂർ എന്നിവിടങ്ങളിൽനിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള മുപ്പതോളം ചിത്ര-ശിൽപ-ഛായാ-ഫിലിം കലാകാരന്മാരുമാണ് സംഘത്തിലുണ്ടായിരുന്നത്.

ദേശാഭിമാനി കൊച്ചി യൂണിറ്റ് മാനേജർ സി വി ഔസേഫ്, എക്സിക്യൂട്ടീവ് എഡിറ്റർ സി എം അബ്ദുൾറഹ്മാൻ എന്നിവരുടെ നേതൃത്വത്തിൽ സംഘത്തെ വരവേറ്റു. ദേശാഭിമാനി ഒരുക്കിയ പത്രപ്രദർശനവും സംഘം നോക്കിക്കണ്ടു.



ദേശാഭിമാനി ഒരുക്കിയ പത്രപ്രദർശനം വിദേശപ്രതിനിധികൾ നോക്കിക്കാണുന്നു